പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1170

12.03.2015 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## മണ്ണ് ഖനനവും വയൽ നികത്തലും

ചോദ്യം
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.സി.കൃഷ്ണൻ
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണ്ണ് ഖനനവും വയൽ നികത്തലും തടയുന്നതിന് ആർക്കെല്ലാമാണ് അധികാരം നൽകിയിട്ടുള്ളത്; പോലീസിനും വില്ലേജ് ഓഫീസർക്കുമുള്ള അധികാരം നിർത്തലാക്കിയിട്ടുണ്ടോ; | (എ) | ഗാർഹികേതര ആവശ്യങ്ങൾക്കായി അനധികൃതമായി മണ്ണ് ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജിയിലെ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. വ്യവസായ വകുപ്പ് പോലീസിന് നൽകിയ അധികാരങ്ങൾ നിർത്തലാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യവസായ വകുപ്പിൽ നിന്നും വില്ലേജ് ആഫീസർക്ക് പ്രത്യേക അധികാരങ്ങൾ ഒന്നും നൽകിയിട്ടില്ല. വയൽ നികത്തൽ തടയുന്നത് സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് യാതൊരു അധികാരങ്ങളും നിലവിലില്ല. എന്നാൽ ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരങ്ങൾ ഉണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ജി.ഒ.(പി) നമ്പർ 170/2010/ഐ.ഡി. തീയതി 04.08.2010 നോട്ടിഫിക്കേഷൻ പ്രകാരം അനധികൃത ഖനനത്തിനെതിരെ നടപടി സ്വീകരിക്കുവാൻ മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെയും പോലീസിനെയും, ജില്ലാ കളക്ടറേയും അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കുന്നിടിക്കലും, വയൽ നികത്തലും വ്യാപകമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | അനധികൃത പ്രകൃതി വിഭവ ചൂഷണം തടയുന്നതിനു ശക്തമായ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെടുന്ന സംഗതിയിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ